**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1148** **03.12.2015 ൽ മറുപടിയ്ക്ക്**

**അതുല്യം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 2015 - ൽ കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന സംസ്ഥാനമാക്കി മാറ്റുക, ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്ക് നാലാം തരത്തിന് തുല്യമായ പ്രാഥമിക വിദ്യാഭ്യാസം നൽകുക, തുല്യതാ വിദ്യാഭ്യാസത്തിലൂടെ സമഗ്ര വികസനം സാധ്യമാക്കുക, ജനങ്ങളുടെ തൊഴിലും ജീവിത ഗുണനിലവാരവും മെച്ചപ്പെടുത്തുക, സാമൂഹിക സാംസ്കാരിക സാമ്പത്തിക മേഖലകളിൽ പുത്തൻ ഉണർവുണ്ടാക്കുക, സ്ത്രീ ശാക്തീകരണത്തിന് ആക്കം കൂട്ടുക, ശുചിത്വം, ആരോഗ്യം, പരിസ്ഥിതിരംഗത്ത് പുത്തൻ അവബോധം ഉണ്ടാക്കുക എന്നിവയാണ് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും പൂർണ്ണ പങ്കാളിത്തത്തോടെയും വിവിധ സർക്കാർ, സർക്കാർ ഇതരസ്ഥാപനങ്ങളുടെയും |

സഹകരണത്തോടെയും ജനകീയ കൂട്ടായ്മ രൂപീകരിച്ച് പഠിതാക്കളെ കണ്ടെത്തി പാഠപുസ്തക വിതരണം,ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, പഠിതാക്കൾക്ക് വേണ്ട കണ്ണട വിതരണം, മറ്റ് പഠനോപകരണ വിതരണം, ലഘു ഭക്ഷണ വിതരണം എന്നിവ പഠന കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറായി പ്രശസ്ത ചലച്ചിത്രതാരം ശ്രീ.ദിലീപിന്റെ സഹകരണവും ലഭിക്കുകയുണ്ടായി. 2015 ജൂൺ 7-ാം തീയതി കേരളത്തിലെ 2,05,913 പേർ അതുല്യം അക്ഷരോത്സവം എന്ന പേരിൽ ഒരേ സമയം പരീക്ഷ എഴുതുകയും അതിൽ 2,02,862 പേർ വിജയിക്കുകയും ചെയ്തു. സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇൻഡ്യയിലെ ആദ്യ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്ന ചടങ്ങ് 2015 ഡിസംബർ 30 ന് ആദരണീയനായ ഇൻഡ്യൻ ഉപരാഷ്ട്രപതിയുടെ മഹദ് സാന്നിദ്ധ്യത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ